പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6120 07.07.2014- ൽ മറുപടിക്ക്

## അവിവാഹിതകളായ അമ്മമാരുടെ പുനരധിവാസം

ചോദ്യം
ശ്രീ. രാജു എബ്രഹാം

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അവിവാഹിതകളായ അമ്മമാരുടെ എണ്ണം സംബന്ധിച്ചുള്ള കണക്ക് എടുത്തിട്ടുണ്ടോ; എങ്കിൽ അത് എത്രയാണെന്ന് അറിയിക്കുമോ; | (എ) യും (ബി) യും | അവിവാഹിതകളായ അമ്മമാരുടെ എണ്ണം സംബന്ധിച്ച കണക്ക് സാമൂഹ്യനീതി വകുപ്പ് ശേഖരിച്ചിട്ടില്ല. |
| (ബി) | ഏതെങ്കിലും പ്രത്യേക വിഭാഗങ്ങളിൽപ്പെടുന്ന അവിവാഹിതകളായ അമ്മമാരുടെ എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | അവിവാഹിതകളായ അമ്മമാരുടെ പുനരധിവാസത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (സി) | ചൂഷണത്തിനു വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരായ അഗതികളുടെ പുനരധിവാസത്തിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന പ്രതിമാസം 1000/- രൂപ ധനസഹായം നൽകുന്ന 'സ്നേഹ സ്പർശം ' പദ്ധതി നടപ്പാക്കി വരുന്നു. ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ ശുപാർശയോടെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ധനസഹായം നൽകിവരുന്നു. ഈ പദ്ധതി പ്രകാരം 1769 പേർക്ക് പ്രതിമാസം ധനസഹായം അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ